"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കയർ വികസനം - ആലപ്പുഴ മുഹമ്മ കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 430 - ന്റെ ലൂം ഷെഡ് നവീകരണവും ലൂമുകളുടെ ആധുനികവൽക്കരണവും - പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി പുതുക്കി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1553/2025/ID തീയതി,തിരുവനന്തപുരം, 31-12-2025

---

പരാമർശം:- 1. 12.07.2023-ലെ സ.ഉ.(സാധാ) നം. 715/2023/വ്യവ

2. കയർ വികസന ഡയറക്ടറുടെ 23/10/2024, 27/02/2025, 24/06/2025 തീയതികളിലെ DCD/814/2023-CP3 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ആലപ്പുഴ കയർ പ്രോജക്ടിന് കീഴിലുള്ള മുഹമ്മ കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 430 - ന്റെ ലൂം ഷെഡ് നവീകരണത്തിനും ലൂമുകളുടെ പരിഷ്കരണത്തിനുമായി, പരാമർശം (1) പ്രകാരം 2023 -2024 വർഷത്തെ ബഡ്ജറ്റിലെ 2851-00-106-62 'റെഗുലേറ്റഡ് മെക്കനൈസേഷൻ ഓഫ് കയർ ഇൻഡസ്ട്രി' എന്ന ശീർഷകത്തിൽ നിന്നും 67,53,000/- രൂപയുടെ (അറുപത്തിയേഴ് ലക്ഷത്തി അൻപത്തി മൂവായിരം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതിയുടെ കാലാവധി 31.03.2024-ൽ അവസാനിച്ചിരുന്നു. ലൂം ഷെഡിന്റെ നിർമ്മാണ ചുമതലയുള്ള അംഗീകൃത ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി (ULCCS), സൈറ്റിലെ പ്രായോഗിക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഫൗണ്ടേഷൻ ഘടനയിൽ മാറ്റം വരുത്തുകയും, യന്ത്രസാമഗ്രികളുടെ സുരക്ഷയ്ക്കായി അധികമായി റാംപുകളും പുറംഭിത്തികളും നിർമ്മിക്കുകയും ചെയ്തിരുന്നതായും ഈ മാറ്റങ്ങൾ ഉൾപ്പെടുത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി തയ്യാറാക്കിയ 54,70,714/- രൂപയുടെ (അൻപത്തിനാല് ലക്ഷത്തി എഴുപതിനായിരത്തി എഴുനൂറ്റി പതിനാല് രൂപ) പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി പുതുക്കി നൽകണമെന്നും കയർ വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പുതുക്കിയ എസ്റ്റിമേറ്റ് തുക യഥാർത്ഥ സാങ്കേതികാനുമതി തുകയേക്കാൾ കുറവാണെന്ന കാര്യം പരിഗണിച്ച്, ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ₹54,70,714/- (അൻപത്തിനാല് ലക്ഷത്തി എഴുപതിനായിരത്തി എഴുനൂറ്റി പതിനാല് രൂപ) യുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തിയുടെ ഭരണാനുമതി നിലവിലെ സാമ്പത്തിക വർഷത്തേക്ക് പുതുക്കി നൽകിയും ഉത്തരവാകുന്നു:

- പുതുക്കിയ എസ്റ്റിമേറ്റിലെ വ്യവസ്ഥകളുടെ പര്യാപ്തതയും നിരക്കുകളുടെ കൃത്യതയും സാങ്കേതിക സമിതി ഉറപ്പാക്കണം.
- അധികമായി നടപ്പിലാക്കിയ പ്രവൃത്തികൾ സൈറ്റിലെ സാഹചര്യങ്ങൾ മൂലം അനിവാര്യമായിരുന്നുവെന്ന്

സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. പുതുക്കിയ എസ്റ്റിമേറ്റിൽ ഇനിമേൽ മാറ്റങ്ങളോ തുക വർദ്ധിപ്പിക്കലോ അനുവദനീയമല്ല.

- ഭാവിയിൽ ഇത്തരം പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റുകൾ പി.ഡബ്ല്യു.ഡി (PWD) മാനുവലിലെ വ്യവസ്ഥകൾ പാലിച്ച് യഥാസമയം സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.

കയർ പ്രോജക്ട് ഓഫീസർ, ആലപ്പുഴ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( E 3233280/I&PW-A3/74/2025-Fin dated 29/11/2025)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി ( IND-E2/188/2024-IND)

ഉത്തരവിൻ പ്രകാരം

Signed by

Vidya Raj P

Date: 31-12-2025 14:26:16

സെക്ഷൻ ഓഫീസർ